(ബി) പ്രസ്തുത ക്ഷേമനിധി നടപ്പിലാക്കണമെന്നു സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ പ്രസ്തുത ക്ഷേമനിധി പദ്ധതി എന്നു മുതൽ നടപ്പിലാക്കി തുടങ്ങുമെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജോലി ഉപേക്ഷിച്ച് തിരിച്ചെത്തിയ വിദേശമലയാളികൾ

47 (5394) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായ തീവ്രവാദ ഭീഷണി, നിതാഖത് പോലുള്ള കാരണങ്ങളാൽ എത്ര വിദേശമലയാളികൾ ജോലി ഉപേക്ഷിച്ച് സംസ്ഥാനത്ത് തിരിച്ചെത്തിയതായി സംസ്ഥാന നോർക്ക വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്ന് രാജ്യം തിരിച്ച് വ്യക്തമാക്കുമോ :

(ബി) എത്ര വർഷം വരെ വിദേശ സർവ്വീസുള്ളവരാണ് തിരിച്ചെത്തിയതെന്ന് വ്യക്തമാക്കുമോ :

(സി) തിരിച്ചെത്തിയ വിദേശമലയാളികൾക്കായി ഏതുതരം പുനരുദ്ധാരണ പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത് :

(ഡി) ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ വിദേശ മലയാളികളെ സഹായിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽനിന്നും സ്വദേശിവത്ക്കരണംമൂലവും ആഭ്യന്തര കലാപംമൂലവും തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സിൽ ഓൺലൈൻ സംവിധാനം വഴിയും എയർപോർട്ടിൽ ഏർപ്പെടുത്തിയ ഹെൽപ്പ് ഡെസ്കിലും രജിസ്റ്റർ ചെയ്തവരുടെ കണക്ക് ചുവടെ ചേർക്കുന്നു :

രാജ്യം	തിരികെയെത്തിയവരുടെ എണ്ണം
സൗദി അറേബ്യ	22634
ഇറാഖ്	418
ലിബിയ	532
യെമൻ	2444

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ സർവ്വീസ് ദൈർഘ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി&ഡി) വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സുസ്ഥിര വരുമാനം ലഭ്യമാക്കുന്നതിനുതകും വിധം നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാല് വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

ഈ പദ്ധതി പ്രകാരം കാർഷിക-വ്യവസായം (കോഴി വളർത്തൽ-(മുട്ടക്കോഴി, ഇറച്ചിക്കോഴി), മത്സ്യകൃഷി (ഉൾനാടൻ മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി), ക്ഷീരോത്പാദനം, ഭക്ഷ്യ സംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട്ട വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും), കച്ചവടം, (പൊതുവ്യാപാരം-വാങ്ങുകയും വിൽക്കുകയും ചെയ്യൽ), സേവനങ്ങൾ (റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ), ഉത്പാദനം-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉത്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും) എന്നീ മേഖലകളിലാണ് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്നത്. കനറാ ബാങ്ക്/യൂണിയൻ ബാങ്ക് എന്നിവർ മുഖാന്തരം പരമാവധി ഇരുപത് ലക്ഷം രൂപവരെ ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിച്ചുവരുന്നു. ഈ പദ്ധതിയിൽ കൂടുതൽ ബാങ്കുകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തിരികെയെത്തിയവരുടെ പുനർഎമിഗ്രേഷൻ, അവർക്ക് ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പുനരേകീകരണം, സംരംഭക സഹായ പദ്ധതി, തിരികെയെത്തിയ പ്രവാസികളുടെ സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്വയം തൊഴിൽ/നിക്ഷേപ പദ്ധതി എന്നീ ഘടകങ്ങൾ അടങ്ങുന്ന ഒരു പദ്ധതിക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്.

ഇതിന് പുറമേ ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in-ൽ രജിസ്ട്രേഷൻ സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകയ്യെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ.-യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാ രേഖകൾ തയ്യാറായിവരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. യമനിൽനിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

വിമാന കമ്പനികളുടെ ചൂഷണം

48 (5395) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീസൺ സമയത്ത് വിദേശത്തേക്കുള്ള വിമാന യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്നത് മൂലം പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ഗവൺമെന്റിൽ ഇക്കാര്യം ശക്തമായി ഉന്നയിച്ച് പ്രവാസികളെ വിമാന കമ്പനികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രവാസികൾ ഏറെയുള്ള സംസ്ഥാനത്തിന്റെ താത്പര്യത്തെ പ്രതികൂലമായി ബാധിക്കുന്ന വിമാന കമ്പനികളുടെ പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ നിരന്തര സമ്മർദ്ദം ചെലുത്തിവരുന്നു. തിരക്കുള്ള സമയത്ത് യാത്രാ നിരക്ക് വർദ്ധിപ്പിക്കുക, വിമാനം റദ്ദാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ബഹു. മുഖ്യമന്ത്രിയും ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും കത്ത് മുഖേനയും ഡൽഹി സന്ദർശന വേളയിൽ നേരിട്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗൾഫ് മേഖലയിലേക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പാക്കണമെന്നും എയർലൈനുകൾ

LIBRARY ARCHIVES Kerala Legislative Assembly